2018 കേരളപ്പിറവിയുടെ നവ സുദിനത്തിൽ ലോകമെമ്പാടും ഉള്ള മലയാളികൾക്കായി ഈ ഗാനോപഹാരം സമർപ്പിക്കുന്നു.

# ഒരു നവ കേരളം

*ആൻഡ്രൂസ് അഞ്ചേരി*

ഒരു നവ കേരളത്തിൻ പുനർ സൃഷ്ടിക്കൊരുങ്ങീടാം
പരസ്പരം കൈകോർത്തിടാം കേരളത്തിനായ്
പ്രളയത്തിൻ കെടുതിയതിൽ വലയുന്ന ജനത്തിന്
തണലേകിടാം താങ്ങായിടാം

വീടുകൾ തകർന്നോർക്കു നാം തണൽ മരമായിടാം
അശരണർക്കാലംബമേകി നന്മ ചെയ്തീടാം
കേണിടുന്ന കേരളത്തിൻ പുനരുദ്ധാരണത്തിനായ്
പങ്കുചേരാം നാമൊന്നായ് കേരളത്തിനായ്
കൈകോർക്കാം നാമൊന്നായ് കേരളത്തിനായ്

സപ്തമഹാസമുദ്രവും മരുഭൂമിയതും താണ്ടി
കടന്നു വന്നവർ നമ്മൾ മലയാളികൾ
പ്രവാസികളാകും നമ്മൾ പ്രകാശിതരായി തീർന്നീടാം
കേരളത്തിൻ കണ്ണുനീർ തുടച്ചു നീക്കാം
നമ്മൾ തുടച്ചു നീക്കാം

പ്രകൃതിയെ സ്നേഹിച്ചീടാം ജനത്തെ ആദരിച്ചീടാം
മനുഷ്യത്വം മരിക്കാത്ത മനുഷ്യരാകാം
പ്രളയത്തിൽ തകരട്ടെ വേർതിരിവിൻ മതിലുകൾ
മലയാളിയായ് മാത്രം മാറീടാം നാം
നല്ല മനുഷ്യരായ് മാത്രം മാറീടാം നാം

ഒരുമനമോടെ നമ്മൾ ഒരുകുടക്കീഴിനുള്ളിൽ
സഹജീവിസ്നേഹത്തിന്റെ മാതൃകയാകാം
മാമലനാടിന്റെ മക്കളാം മലയാളികൾ നമ്മൾ
ദൈവത്തിന്റെ സ്വന്തം നാടാം കേരള മക്കൾ
നമ്മൾ കേരള മക്കൾ.

_By Andrews Anchery